**No. CEE/4900/ PGM-2020/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ബിരുദാനന്തര ബിരുദ മെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2020

1. 2020–21 അദ്ധ്യയന വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ മെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ 2020 ലെ പി.ജി മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി നടത്തിയിട്ടുള്ള NEET-PG-2020 പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യത നേടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പരീക്ഷാർത്ഥികളിൽ നിന്നും കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും ലഭ്യമായ സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്കും, സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മൈനോറിറ്റി, എൻ.ആർ.ഐ ക്വാട്ടാ ഉൾപ്പെടെ ലഭ്യമായ എല്ലാ സീറ്റുകളിലേയ്ക്കും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

   **കുറിപ്പ്**:– കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയ (CAP)സമയത്ത് നിലവിലുള്ള നിയമമനുസരിച്ച് സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എല്ലാ കോഴ്സുകളിലേയ്ക്കുമുള്ള അലോട്ട്മെന്റ് ബഹു. ഇന്ത്യൻ സുപ്രീം കോടതി / കേരള ഹൈക്കോടതി അഥവാ കേരള സർക്കാർ ഉത്തരവ് /ഇന്ത്യാ ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം നിർവ്വഹിക്കുന്നതാണ്.

2. **പ്രവേശനത്തിന് വേണ്ട യോഗ്യതകൾ**:

i. **വിദ്യാഭ്യാസ യോഗ്യതകൾ**: അപേക്ഷകർ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച എം.ബി.ബി.എസ്.ബിരുദം ഉള്ളവരോ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയിലോ, സംസ്ഥാന മെഡിക്കൽ കൗൺസിലിലോ രജിസ്റ്റർ ചെയ്യപ്പെട്ട എം.സി.ഐ. അംഗീകൃത എം.ബി.ബി.എസ്. ബിരുദം ഉള്ളവരോ ആയിരിക്കണം. കൂടാതെ, അപേക്ഷകൻ **2020 മാർച്ച് 31**–നോ, അതിനു മുൻപോ ഒരു വർഷത്തെ ഇന്റേൺഷിപ്പ് പൂർത്തിയായിരിക്കണം.

ii. **നേറ്റിവിറ്റി**: അപേക്ഷകന് താഴെപ്പറയുന്ന ഏതെങ്കിലും യോഗ്യതയുണ്ടായിരിക്കണം.

   a). അപേക്ഷകൻ കേരളീയനായ ഇന്ത്യൻ പൗരനായിരിക്കണം. Persons of Indian Origin (PIO)/ Overseas Citizen of India(OCI) കാർഡ് ഹോൾഡർമാരെയും പ്രവേശനത്തിനു മാത്രമായി ഇന്ത്യൻ പൗരന് തുല്യനായി പരിഗണിക്കുന്നതാണ്. ഇവർ പ്രോസ്പെക്ടസ് ക്ലോസ് 12.1(b ) പ്രകാരം 1 വർഷം സീനിയർ റെസിഡന്റായി പ്രവർത്തിക്കാമെന്ന ബോണ്ട് ഹാജരാക്കിയാൽ മതിയാകും. എന്നാൽ (PIO)/(OCI) അപേക്ഷകർക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമല്ല.

   b). കേരളത്തിലെ ഏതെങ്കിലും ഒരു മെഡിക്കൽ കോളേജിൽനിന്നും ബിരുദമെടുത്ത കേരളീയർ അല്ലാത്ത അപേക്ഷകരെയും പരിഗണിക്കും. എന്നാൽ ഇവർ സാമുദായിക/പ്രത്യേക/വികലാംഗ സംവരണ ആനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല.

iii. **വയസ്**: പി.ജി. മെഡിക്കൽ കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് ഉയർന്ന പ്രായപരിധി ഇല്ല. വിരമിക്കൽ പ്രായം 60 ബാധകമായ ഹെൽത്ത് & ഇൻഷുറൻസ് സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായ പരിധി 01.01.2020 ൽ 55 വയസാണ്. മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന്റെ കീഴിലുള്ള സർവ്വീസ് വിഭാഗം അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായ പരിധി 01.01.2020 ൽ 57 വയസാണ് (പ്രോസ്പെക്ടസ് ക്ലോസ് 4–3).

iv. **യോഗ്യതാ മാനദണ്ഡം**: 2020–21 വർഷത്തെ കേരള പി.ജി മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ അപേക്ഷകരും നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തിയ 2020–21 വർഷത്തെ ബിരുദാനന്തര/ ബിരുദ പ്രവേശനത്തിനുള്ള നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് –പോസ്റ്റ് ഗ്രാജുവേറ്റ് (NEET UG-2020) അഭിമുഖീകരിച്ച് കുറഞ്ഞ യോഗ്യതയായ 50 പെർസന്റയിൽ നേടിയിരിക്കണം. എന്നാൽ SC, ST, SEBC വിഭാഗക്കാരും SC-PwD, ST- PwD, SEBC- PwD വിഭാഗക്കാരും കുറഞ്ഞത് 40 പെർസന്റയിൽ നേടിയാൽ മതിയാകും. ജനറൽ PwD വിഭാഗക്കാർ കുറഞ്ഞത് 45 പെർസന്റയിൽ നേടിയിരിക്കണം.

3. പ്രവേശന രീതി: 2020 വർഷത്തെ ബിരുദാനന്തര/ ബിരുദ മെഡിക്കൽ പ്രവേശനത്തിനായി നടത്തപ്പെടുന്ന നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് പോസ്റ്റ് ഗ്രാജുവേറ്റ് 2020 അഭിമുഖീകരിച്ച് നിശ്ചിത യോഗ്യത നേടി കേരള സംസ്ഥാനത്തിനുവേണ്ടി തയ്യാറാക്കപ്പെടുന്ന റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടു

ളളതും, പ്രോസ്പെക്ടസ് ക്ലോസ് 4 പ്രകാരം നിശ്ചിത യോഗ്യതകളുള്ളതുമായ അപേക്ഷകരെ മാത്രമേ ബിരുദാനന്തര/ ബിരുദ മെഡിക്കൽ പ്രവേശന ത്തിനായി പരിഗണിക്കുകയുള്ളൂ. അപേക്ഷകരുടെ യോഗ്യതയ്ക്കനുസരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന മെറിറ്റ് ലിസ്റ്റിന്റെയും വിവിധ സംവരണ വിഭാഗങ്ങൾക്കുള്ള കാറ്റഗറി ലിസ്റ്റിന്റെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത്.

4. **ഓൺലൈൻ അപേക്ഷാസമർപ്പണവും അപേക്ഷാഫീസും:-**

2020-21 വർഷത്തെ കേരള പി.ജി. മെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ അപേക്ഷാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **11.03.2020 മുതൽ 20.03.2020 വൈകുന്നേരം 5.00 മണി വരെ** അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതും അപേക്ഷാഫീസ് ഓൺലൈൻ പേയ്മെന്റായോ ഇ-ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. ഇ-ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായോ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ-ചെലാൻ ഉപയോഗിച്ച് പണമായി കേരളത്തിലെ ഏതെങ്കിലും പോസ്റ്റ് ഓഫീസിന്റെ ഹെഡ്/സബ് ശാഖകളിലോ അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ ഒപ്പ്, സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ എന്നിവ ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയക്കേണ്ടതില്ല.

നിലവിൽ സർവ്വീസിൽ തുടരുന്ന അപേക്ഷകർ അപേക്ഷയുടെ പ്രിന്റൗട്ടും അപ്ലോഡ് ചെയ്യുന്ന അനുബന്ധ രേഖകളും ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് **20.03.2020** വൈകുന്നേരം5 മണിയ്ക്ക് മുൻപായി അയച്ചുകൊടുക്കേണ്ടതാണ്.

ജനറൽ/എസ്.ഇ.ബി.സി വിഭാഗം അപേക്ഷകർ അപേക്ഷാഫീസിനത്തിൽ 1000/- രൂപയും പട്ടിക ജാതി/ പട്ടികവർഗ വിഭാഗക്കാരും 20.06.2005-ലെ G.O.(MS)NO.25/05/SCSTDD പ്രകാരം എസ്.എസി., എസ്.റ്റി ആനുകൂല്യങ്ങൾക്കർഹരായവരും 500/- രൂപയും അടയ്ക്കേണ്ടതാണ്. പ്രോസ്പെക്ടസ് മേൽ സൂചിപ്പിച്ച വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. അപേക്ഷാഫോമുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ മെഡിക്കൽ കോളേജുകളിലോ ലഭിക്കുന്നതല്ല.

5. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും- പി.ജി.മെഡിക്കൽ ഡിഗ്രി കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ പ്രോസ്പെക്ടസ് ക്ലോസ് 7.2.4 പ്രകാരം ഓൺലൈൻ അപേക്ഷയ്ക്കോപ്പം സർട്ടിഫിക്കറ്റുകൾ/ അനുബന്ധ രേഖകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ 20.03.2020 വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി അപ്ലോഡ് ചെയ്യേണ്ടതാണ്.

6. എസ്.സി.,/എസ്.റ്റി/എസ്.ഇ.ബി.സി/ പ്രത്യേക സംവരണ വിഭാഗത്തിൽപ്പെടുന്നവർ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും മറ്റ് അനുബന്ധ രേഖകളും ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി നിശ്ചിത സമയത്തിനകം ഓൺലൈൻ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.

7. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെയും ആർ.സി.സിലെയും സ്റ്റേറ്റ് ക്വാട്ടാ സീറ്റുകളിലേയ്ക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായ ക്വാട്ട, എൻ.ആർ.ഐ. ക്വാട്ട എന്നിവ ഉൾപ്പെടെയുള്ള മുഴുവൻ പി.ജി. സീറ്റുകളിലും നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന സംസ്ഥാന റാങ്ക് ലിസ്റ്റിൽനിന്നും ഏകീകൃത കൗൺസലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

8. എൻ.ആർ.ഐ. ക്വാട്ടാ പ്രവേശനം: എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിന് അപേക്ഷകൻ/അപേക്ഷക വിദേശത്ത് ജോലി ചെയ്യുന്ന അച്ഛൻ/ അമ്മ/ സഹോദരൻ അല്ലെങ്കിൽ സഹോദരി (മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/ മകൾ ഉൾപ്പെടെ)/ ഭർത്താവ്/ ഭാര്യ/ അച്ഛന്റേയോ അമ്മയുടെയോ സഹോദരീ സഹോദരൻമാർ (അച്ഛന്റേയോ അമ്മയുടെയോ മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/ മകൾ ഉൾപ്പെടെ)/ അർദ്ധ സഹോദരൻ/ അർദ്ധ സഹോദരി/ ദത്തെടുത്ത അച്ഛൻ അല്ലെങ്കിൽ ദത്തെടുത്ത അമ്മയുടെ ആശ്രിതരായിരിക്കണം. സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **22.02.2020-ലെ ജി.ഒ (ആർ.റ്റി) നം.375/2020/ആ.കു.വ.** പ്രകാരമുള്ള താഴെ പറയുന്ന രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

    1) എംബസി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. പ്രസ്തുത രേഖയിൽ സ്പോൺസറുടെ ജോലി സംബന്ധിച്ച വിവരം വ്യക്തമാക്കിയിരിക്കണം. വിസയുടെ കാലാവധി 31.05.2020 വരെ നിർബന്ധമായും ഉണ്ടായിരിക്കണം.

2) പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)/ എന്നിവയിൽ തൊഴിൽ രേഖപ്പെടുത്താത്ത പക്ഷം എംബസ്സി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാവും.

3) സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം). സ്പോൺസർ അച്ഛൻ/അമ്മ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും (06.08.2019–ലെ ജി.ഒ (എം.എസ്) നം.243/14/ആ.കു.വ.).

4) വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഉൾപ്പെടെ) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം 200/–രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കി ഒരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.

5) സ്പോൺസർ ഒരു ഇന്ത്യൻ പൗരൻ/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ/പേഴ്സൺ ഓഫ് ഇന്ത്യൻ ഒറിജിൻ എന്ന് തെളിയിക്കുന്ന രേഖ.

9. മൈനോറിറ്റി ക്വാട്ടാ സീറ്റ്: ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി ക്വാട്ടാ (ക്രിസ്റ്റ്യൻ/മുസ്ലീം) സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും കേരള സംസ്ഥാന വിദ്യാഭ്യാസ ആവശ്യത്തിനുള്ള നോൺക്രിമീലെയർ സർട്ടിഫിക്കറ്റ്/മൈനോറിറ്റി/കമ്മ്യൂണിറ്റി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

10. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കുള്ള (EWS) സീറ്റുകളിൽ പരിഗണിക്കപ്പെടുന്നതിന് 12.02.2020 ലെ പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് (റൂൾസ്) ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സ.ഉ(എം.എസ്) 02/2020/പി.&എ.ആർ.ഡി) പ്രകാരമുള്ള നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറിൽ നിന്ന് വാങ്ങി അപ്‌ലോഡ് ചെയ്യേണ്ടതാണ്. (ബാധകമെങ്കിൽ)

11. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ, ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലോ സ്വീകരിക്കുന്നതല്ല.

12. ഡാറ്റാ ഷീറ്റ്: പ്രവേശനത്തിനുള്ള യോഗ്യത നേടി വിവിധ മെറിറ്റ്/ കാറ്റഗറി ലിസ്റ്റുകളിൽ ഉൾപ്പെട്ടവർക്കുള്ള ഡാറ്റാഷീറ്റ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽനിന്നും നിശ്ചിത തീയതിക്കു ശേഷം ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

13. സർവ്വീസ് വിഭാഗമുൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ് എന്നിവ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ പ്രോസ്പെക്ടസ് ക്ലോസ് 10–ലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

14. സർക്കാർ അംഗീകരിച്ചതും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചതും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യവുമായ 2020–ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ അപേക്ഷ പൂരിപ്പിക്കുന്നതിനു മുൻപ് അപേക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**Helpline number: 0471-2525300**

തിരുവനന്തപുരം

11.03.2020

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**